ഉത്തരം

തിരുവനന്തപുരം സർക്കിളിന്റെകീഴിൽ കേരള വാട്ടർ അതോറിറ്റിയുടെ 9000 ലിറ്ററിന്റെ 6 ടാങ്കർ ലോറികളും 6000 ലിറ്ററിന്റെ 2 ടാങ്കർ ലോറികളുമാണ് ഉള്ളത്. ഇവ ചെറിയ ഇടവഴികളിൽ കടക്കുവാൻ പ്രയാസം അനുഭവപ്പെടുന്നവയാണ്. അതിനാൽ പ്രസ്തുത ടാങ്കുകൾവഴി ഈ സ്ഥലങ്ങളിൽ കൂടുതൽ വെള്ളമെത്തിക്കുവാൻ നിലവിൽ ബുദ്ധിമുട്ടാണ്.

പേട്ട മുന്നാംമനയ്ക്കൽ-പുള്ളി ലൈൻ ഡ്രെയിനേജ്

158 (4961) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പേട്ട മുന്നാംമനയ്ക്കൽ നിന്നും പുള്ളി ലൈൻ വരെയുള്ള ഡ്രെയിനേജ് സംവിധാനം നടപ്പിൽ വരുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) 1985-ൽ ഡ്രെയിനേജ് പൈപ്പിടാൻ കഴിച്ചിട്ടും ഇതുവരെയും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപടികൾ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പ്രദേശത്ത് ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് റസിഡന്റ്സ് അസോസിയേഷൻ നിവേദനം സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം പേട്ട മുന്നാംമനയ്ക്കൽ മുതൽ പുള്ളി ലൈൻ വരെയുള്ള ഒന്നര കിലോ മീറ്ററോളം ദൂരത്തിൽ പൈപ്പ്ലൈനുകളും മാൻഹോളുകളും നിലവിലുണ്ട്. 'സി' ബ്ലോക്കിന്റെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള ഒന്നര കിലോമീറ്ററോളം ലൈൻ കൽപ്പക നഗർ പമ്പ്ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലികൾ നടന്നുവരുന്നു. ചാക്ക മുതൽ കൽപ്പക നഗർ പമ്പ്ഹൗസുവരെയുള്ള ട്രങ്ക് മെയിൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുവാദം കിട്ടിയാൽ മാത്രമേ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൺസൾട്ടന്റിന്റെ പദ്ധതി റിപ്പോർട്ട് പ്രകാരം 1985 കാലഘട്ടത്തിൽ സ്ഥാപിച്ച പ്രസ്തുത ലൈൻ ഉപയോഗശൂന്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർ നടപടി എന്ന നിലയിൽ സി ബ്ലോക്കിന്റെ പദ്ധതിയിൽ ടി ലൈനുകൾ പമ്പ്ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലി കരാറുകാരനെക്കൊണ്ട് ചെയ്യുകൊണ്ടിരിക്കുന്നു.

(സി) എ.ഡി.ബി. ഫണ്ട് ഉപയോഗിച്ചുള്ള 'സി' ബ്ലോക്കിന്റെ പുനരുദ്ധാരണ പദ്ധതിയിലാണ് ടി പ്രദേശത്തെ നിലവിലുള്ള ലൈനുകളെ പമ്പ്ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലി ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(ഡി) സമർപ്പിച്ചിട്ടുണ്ട്. ടി പ്രദേശത്തിന് സമീപത്തുള്ള 350 മീറ്റർ ദൂരത്തിൽ പൈപ്പ് ലൈനുകൾ നിലവിലില്ലാത്തതിനാൽ മൂന്നാം മനയ്ക്കൽ റസിഡന്റ്സ് അസോസിയേഷന്റെ അപേക്ഷ പ്രകാരം പ്രസ്തുതദൂരം സ്വീവറേജ് ലൈൻ സ്ഥാപിക്കുവാനും നിലവിലുള്ള ലൈനുമായി ബന്ധിപ്പിക്കുവാനും വേണ്ടിയുള്ള ഫീസിബിലിറ്റി സർവ്വേ നടത്തുവാൻ വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവരുന്നു.

വൈക്കം വെള്ളൂർ ജലവിതരണ പ്ലാന്റ്

159 (4962) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ വെള്ളൂർ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന ജലവിതരണ പ്ലാന്റിൽനിന്നും ഏതൊക്കെ പദ്ധതികളിലൂടെ ഏതൊക്കെ പഞ്ചായത്ത്, മുൻസിപ്പൽ പ്രദേശങ്ങളിലേക്കാണ് ജലവിതരണം നടത്തുന്നതെന്നും ഓരോ പദ്ധതികളിലും ഉൾപ്പെടുന്ന പ്രദേശങ്ങളിലേക്ക് എത്ര അളവ് ജലമാണ് വിതരണം ചെയ്യേണ്ടതെന്നും കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ അനുവദിക്കപ്പെട്ട അളവുകളിൽ ജലവിതരണം നടത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത പ്ലാന്റിൽ ഏതൊക്കെ തസ്തികയിൽ എത്ര ജീവനക്കാരാണ് ജോലി ചെയ്യുന്നതെന്നും ഇതിൽ എത്ര താല്ക്കാലിക ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടെന്നും അവർ ആരൊക്കെയെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത പ്ലാന്റിൽനിന്നും വിവിധ ടാങ്കുകളിലേക്ക് വെള്ളം എത്തിക്കുന്നതിന് എത്ര മോട്ടോറുകളാണ് പ്രവർത്തിപ്പിക്കുന്നതെന്നും ഇത് ഏതൊക്കെ പ്രദേശങ്ങളിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതിന് ഉപയോഗിക്കുന്നതാണെന്നും പമ്പിംഗ് മുടങ്ങാതിരിക്കുവാൻ പകരം മോട്ടോറുകൾ ഉറപ്പുവരുത്തിയിട്ടുണ്ടോ എന്നും ഈ മോട്ടോറുകൾ എല്ലാം പ്രവർത്തനക്ഷമമാണോ എന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly